**ക്രമപ്രശ്നം**

ഒരേ പ്രശ്നം വീണ്ടും ഉന്നയിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, 29-10-2019-ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് താനൂരിൽ ഇസ്ഹാഖ് എന്ന ചെറുപ്പക്കാരനായ മുസ്ലീം ലീഗ് പ്രവർത്തകൻ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട് അടിയന്തരപ്രമേയം ഉന്നയിച്ചിരുന്നു. ആ സമയത്ത്, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. അബ്ദുറഹിമാൻ താനൂരിലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് അവിടെയുള്ള പ്രശ്നങ്ങൾ സഭയുടെ മുൻപാകെ ഉയർത്തിക്കൊണ്ടുവന്നതാണ്. റൂൾ 304(2) പ്രകാരം സഭയിൽ ഒരു സമ്മേളനത്തിൽ ഉന്നയിച്ച അതേവിഷയം തന്നെ, അതേ പ്രദേശം സമാധാനത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുമ്പോൾ വീണ്ടും സമാധാനഭംഗമുണ്ടാക്കത്തക്ക വിധത്തിൽ  വീണ്ടും സഭയിൽ ഉന്നയിക്കുന്നത് ശരിയല്ല. റൂൾ 304 (2) പ്രകാരം അത് ഉന്നയിക്കാൻ അനുവദിക്കരുതെന്നതാണ് എന്റെ ക്രമപ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം ഉന്നയിച്ചിട്ടില്ലല്ലോ; ഉന്നയിക്കട്ടെ.

ശ്രീ. എം. ഉമ്മർ: അദ്ദേഹം പത്രങ്ങളിൽ വന്ന ചിത്രങ്ങൾ ഉൾപ്പെടെ

ഉയർത്തിക്കാണിച്ചുകൊണ്ട് അവിടെ മുൻപുനടന്ന സംഭവങ്ങൾ വിവരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. അതുകൊണ്ട്

അതേ വിഷയം വീണ്ടും ഉന്നയിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ ക്രമപ്രശ്നം.

മി. ഡെപ്യൂട്ടി സ്പീക്കർ: ആ പ്രദേശത്തുനടന്ന വിവിധ അക്രമങ്ങളെ സംബന്ധിച്ചുള്ള പോയിന്റാണ് അദ്ദേഹം ഉന്നയിക്കാൻ ശ്രമിക്കുന്നത്.